# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1554 — 03.12.2018-ൽ മറുപടിക്ക്

### നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മൽസ്യ ബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ആൻസലൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മൽസ്യബന്ധന തുറമുഖത്തിന്റെ നിലവിലെ അവസ്ഥ എന്ത് എന്ന് വിശദീകരിക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഒരു വർഷമായി നീണ്ടുനിൽക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളായ ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വെ, പ്രീമൺസൂൺ - മൺസൂൺ - പോസ്റ്റ് മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വെയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിൽ ഉള്ള നടപടിക്രമങ്ങൾ ആണ് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രാഥമിക മോഡൽ സ്റ്റഡി നടത്തുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ടെൻഡേറ്റീവ് ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ധ ഉപദേശത്തിനുമായി പൂനെ, CWPRS ന് നൽകുന്നതാണ്. മാതൃകാപഠനം പൂർത്തിയാക്കിയ ശേഷം EIA സ്റ്റഡി കൂടി നടത്തേണ്ടതുണ്ട്. EIA ക്ലിയറൻസ് ലഭിച്ചശേഷം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്. |
| (സി) | പ്രസ്തുത തുറമുഖത്തിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും ആദ്യഘട്ടത്തിൽ എത്ര തുകയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | പൊഴിയൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 2018-19 ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. KIIFB മുഖേന പദ്ധതി നടപ്പാക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ